## പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4993** **14.11.2019 -ൽ മറുപടിയ്ക്ക്**

**റാന്നി മണ്ഡലത്തിൽ ഹൗസിങ് ബോർഡിന്റെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിൽ എവിടെയൊക്കെയാണ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഉള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം (പേരൂർക്കട എൻ.സി.സി നഗർ WWH)<br>2. കോട്ടയം ഗാന്ധി നഗർ (WWH)<br>3. എറണാകുളം (കാക്കനാട് WWH, ഇടപ്പള്ളി WWH)<br>4. തൃശ്ശൂർ (കിഴക്കേ ചാലക്കുടി WWH, പുല്ലഴി WWH, മുളങ്കുന്നത്തുകാവ് WWH)<br>5. ഇടുക്കി (മുട്ടം WWH, കട്ടപ്പന WWH)<br>6. കോഴിക്കോട് (ചേവായൂർ WWH) |
| (ബി) റാന്നി താലൂക്കിൽ ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമുണ്ട് എന്നും എത്ര വർഷമായി ഈ സ്ഥലം ഹൗസിംഗ് ബോർഡിന്റെ കൈവശം ഇരിക്കുന്നു എന്നും ഇവിടെ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ; | (ബി) റാന്നി താലൂക്കിൽ ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിൽ 1.02 ഏക്കർ സ്ഥലം ഉണ്ട്. 24 വർഷമായി ബോർഡിന്റെ കൈവശത്തിലുള്ള സ്ഥലം പ്ലോട്ടുകളായി വിൽപ്പന നടത്തുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (സി) നിരവധി സർക്കാർ ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉള്ള റാന്നി താലൂക്കിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥലം പ്ലോട്ടുകളായി വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം കൂടി നടന്നു വരുന്നു. |
| (ഡി) ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിൽ ഈ സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ